**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2493** **24-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിലെ ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ നിർമ്മാണത്തിനായി ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കായി അടിയന്തിരമായി പ്രത്യേക അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിലെ ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ നിർമ്മാണത്തിനായി പ്രത്യേക അനുമതിക്കായി ബഹു.എം.എൽ.എ ശുപാർശ ചെയ്ത് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശമായ 04/08/2018 തീയതിയിലെ 119/2018/ധനം ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ